# Informal Meeting of SAARC Council of Ministers (Virtual Mode)

September 24, 2020

---

## SAARC മന്ത്രിതല കൗൺസിലിന്റെ അനൗദ്യോഗിക സമ്മേളനം (വിർച്വൽ രീതിയിൽ)

സെപ്റ്റംബർ 24, 2020

1. 2020 സെപ്റ്റംബർ 24 ന് നടത്തില്ല SAARC മന്ത്രിതല കൗൺസിലിന്റെ വാർഷിക അനൗദ്യോഗിക സമ്മേളനത്തിൽ  ഇന്ത്യൻ റിപ്പബ്ലിക്കിന്റെ വിദേശകാര്യമന്ത്രി ഡോ എസ് ജയശങ്കർ പങ്കെടുത്തു. വിർച്വൽ രീതിയിൽ നടന്ന സമ്മേളനത്തിൽ നേപ്പാൾ അധ്യക്ഷ വഹിക്കുകയും എൽ അംഗ രാജ്യങ്ങൾ സന്നിഹിതരാകുകയും ചെയ്തു.

2.1997 മുതൽ നടത്തി വരുന്ന അനൗദ്യോഗിക സമ്മേളനം, UNGA സെഷനുകളിൽ പങ്കെടുക്കുന്ന വിദേശകാര്യമന്ത്രിമാരുടെ സാന്നിധ്യം SAARC പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനല്ല അവസരമാക്കി മാറ്റുന്നു.

3. 2019 സെപ്റ്റംബർ 26 ന് ന്യൂ യോർക്കിൽ വച്ച് നടന്ന SAARC മന്ത്രിതല കൗൺസിലിന്റെ അവസാന അനൗദ്യോഗിക സമ്മേളനം മുതൽ സെക്രട്ടറി ജനറലിൽ നിന്നും പ്രാദേശികമായ സഹകരണത്തിന്റെ സ്ഥിതി എന്ന നിലയിൽ സമ്മേളനത്തിന് റിപോർട്ട് ലഭിച്ചിരുന്നു.

4. സമ്മേളനത്തി, കോവിഡ് 19 പ്രകർച്ചവ്യാധിക്കെതിരായുള്ള പ്രാദേശികമായ പരിശ്രമങ്ങളെ അവലോകനം ചെയ്തു.പ്രാദേശികമായിപകർച്ചവ്യാധിയെ എതിരിടുന്നതിനുള്ള സഹകരണ നടപടികൾ സ്വീകരിക്കുന്നതിനായി 2020 മാർച്ച് 15 ന് SAARC നേതാക്കളുടെ വീഡിയോ കോൺഫറൻസ് നടത്തിയതിനു ഇന്ത്യൻ പ്രധാനമന്ത്രിയുടെ നേതൃത്വത്തെ അംഗങ്ങൾ പ്രത്യേകമായി പ്രശംസിച്ചു.ഇതിൽ എല്ലാ രാജ്യങ്ങളും തങ്ങളുടെ വ്യക്തിഗത സംഭാവനകൾ നൽകുന്നതെന്ന് വാഗ്ദാനം ചെയ്ത SAARC കോവിഡ് -19 അത്യാഹിത ഫണ്ടിന്റെ രൂപീകരണവും ഉൾപ്പെട്ടിരുന്നു.

5. തന്റെ പ്രസ്താവനയിൽ, പരസ്പര ബന്ധിതവും, ഏകോപിതവും,സുരക്ഷിതവും സമൃദ്ധവുമായ ദാഖിന ഏഷ്യൻ പ്രവിശ്യ രൂപീകരിക്കുന്നതിൽ SAARC നോടുള്ള ഇന്ത്യയുടെ ശക്തമായ പ്രതിബദ്ധത അദ്ദേഹം ആവർത്തിച്ചു. 'കോവിഡ്-19 വിവരണ കൈമാറ്റ പ്ലാറ്റ് ഫോം (COINEX) നിർമിക്കുക', വിദേശനാണയ കൈമാറ്റ പിന്തുണ, SAARC ഫുഡ് ബാങ്ക് മെക്കാനിസത്തിന്റെ പ്രവർത്തനം എന്നിവയ്ക്കായി വിർച്വലായി ആരോഗ്യ പ്രവർത്തകരുടെയും വ്യാവസായിക ഉദ്യോഗസ്ഥരുടെയും സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതുൾപ്പടെ  SAARC നേതാക്കളുടെ വീഡിയോ കോൺഫറൻസിൽ നിന്നും ഇന്ത്യ സ്വീകരിച്ച നടപടികൾ അദ്ദേഹം ചൂണ്ടികാണിച്ചു.SAARC അത്യാഹിത ഫണ്ടിലേക്ക് ഇന്ത്യയുടെ സംഭാവനയായ അത്യാവശ്യ മരുന്നുകളുടെ വിതരണം, ചികിസ വസ്തുക്കൾ, കോവിഡ് സുരക്ഷാ കൂടാതെ പരിശോധന കിറ്റുകൾ,മറ്റു ഉപകരണങ്ങൾ തുടങ്ങി മൊത്തം 2.3 മില്യൺ യു എസ് ഡോളറിനുള്ള സാമഗ്രികൾ SAARC ലെ മറ്റു രാജ്യങ്ങളിലേക്ക് ലഭ്യമാക്കുമെന്ന് ഡോ :ജയശങ്കർ അറിയിച്ചു.കോവിഡ്-19 പകർച്ചവ്യാധിയെ

പ്രതിരോധിക്കുന്നതിൽ SAARC പ്രവിശ്യയിലെ രാജ്യങ്ങൾ സഹായിക്കുവാൻ ഇന്ത്യക്കുള്ള പ്രതിബദ്ധതയും അദ്ദേഹം ആവർത്തിച്ചു.

6. ഭീകരതയുടെയും സംഘട്ടനത്തിന്റെയും അന്തരീക്ഷത്തെ പോഷിപ്പിക്കുകയും പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ശക്തികൾ ഉൾപ്പെടെയുള്ള തീവ്രവാദത്തിന്റെ വിപത്തിനെ തോല്പിക്കുന്നതിനു കൂട്ടായി പ്രവർത്തിക്കാൻ ഡോ.ജയശങ്കർ SAARC അംഗരാജ്യങ്ങളോട് ആഹ്വാനം ചെയ്തു,ഇത് ദക്ഷിണേഷ്യയിൽ ഉടനീളം സഹകരണവും സമൃദ്ധിയും കൊണ്ടുവരുന്നതിനുള്ള പരമാവധി സാധ്യതയെന്ന SAARC ലക്ഷ്യത്തിന്റെ പൂർത്തീകരണത്തെ ശക്തിപ്പെടുത്തുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു

**ന്യൂ ഡൽഹി**
**24 സെപ്റ്റംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.